**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - AHADS - CCPRM- ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീ. ടി.വി. ജോർജ്, റിട്ട . ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറുടെ നിയമനം സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ. (സാധാ) നം.2716/2018/തസ്വഭവ. തിരുവനന്തപുരം, തീയതി 23.10.2018

---

പരാമർശം:- 1. സ. ഉ .( സാധാ ) നം .3870/15/ തസ്വഭവ തീയതി 29/12/2015
2. സ. ഉ .( സാധാ ) നം .2346/16/ തസ്വഭവ തീയതി 04/08/2016

<u>ഉത്തരവ്</u>

പരാമർശം (1) -ലെ സർക്കാർ ഉത്തരവു പ്രകാരം, ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറായിരുന്ന ശ്രീ . ടി . വി . ജോർജ്ജിനെ AHADS - CCPRM- ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ ടിയാന്റെ നിയമനവും സേവന വ്യവസ്ഥകളും വ്യക്തമാക്കിയിരുന്നില്ല . പരാമർശം (2) -ലെ സർക്കാർ ഉത്തരവു പ്രകാരം ശ്രീ . ടി . വി . ജോർജ്ജിനെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്ത് ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

30/09/2015- ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ . ടി . വി . ജോർജ്ജ് AHADS  CCPRM-ൽ ടിയാൻ ജോലി ചെയ്തിരുന്ന 06/01/2016 മുതൽ 10/08/2016 വരെയുള്ള കാലയളവിലെ വേതനം നിശ്ചയിച്ച് നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, ടിയാന്റെ നിയമനം സംബന്ധിച്ചും സേവന വ്യവസ്ഥകൾ സംബന്ധിച്ചും അവ്യക്തതയുള്ളതിനാൽ, ശമ്പളക്കുടിശ്ശിക സംബന്ധിച്ച വിഷയത്തിൽ ഗ്രാമവികസന കമ്മീഷണറിൽ നിന്നോ കിലയിൽ നിന്നോ വ്യക്തമായ വിശദാംശങ്ങൾ ലഭിച്ചിരുന്നില്ല .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 29/12/2015 - ലെ സ . ഉ .( സാധാ ) നം .3870/15/ തസ്വഭവ പ്രകാരം ശ്രീ . റ്റി . വി . ജോർജ്ജിന്റെ AHADS  CCPRM-ലെ എക്സിക്യൂട്ടീവ് ഡയറക്ടറായുള്ള നിയമനം കരാർ വ്യവസ്ഥയിലുള്ളതായി കണക്കാക്കിയും

ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ തസ്തികയിൽ ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും 01/01/2016 - ൽ വാങ്ങിയിരുന്ന പെൻഷൻ കുറവ് ചെയ്തു കിട്ടുന്ന സംഖ്യ ടിയാന്റെ കൺസോളിഡേറ്റഡ് വേതനമായി കണക്കാക്കിയും ഉത്തരവാകുന്നു.

പരാമർശം (1)- ലെ സർക്കാർ ഉത്തരവ് ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി. എം. ആർ.**

**അണ്ടർ സെക്രട്ടറി.**

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, കില, തൃശ്ശൂർ.

ശ്രീ. ടി.വി.ജോർജ്ജ്, റിട്ട. ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, താണുപറമ്പിൽ, മിഠായിക്കുന്ന് പി.ഒ., തലയോലപ്പറമ്പ്, കോട്ടയം - 686 605.

അക്കൗണ്ടന്റ് ജനറൽ (ജി &എസ് എസ് എ/ഇ &ആർ എസ് എ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള , തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*